

# തുറവൻകുന്ന് സെന്റ് ജോസഫ്സ് ഇടവക

തുറവൻകുന്നിലെ അത്ഭുതപ്രവർത്തകനായ വി. യൗസേപ്പിതാവിന്റെ ദേവാലയം സാംസ്കാരിക നഗരമായ ഇരിങ്ങാലക്കുടയിൽ നിന്ന് 4 കി.മീ. കിഴക്കുമറി സ്ഥിതി ചെയ്യുന്നു. ഇരിങ്ങാലക്കുട ഫൊറോന ഇടവകയുടെ പരിധിയിലായിരുന്നു, ഈ പ്രദേശം.

## കപ്പേള

1964-ൽ മുപ്പതോളം കുടുംബങ്ങൾ ചേർന്ന് ഒരു അമ്പ്സമുദായം രൂപവത്ക്കരിക്കുകയും അന്നു മുതൽ അമ്പ് തിരുന്നാൾ ആഘോഷിച്ചുവരുന്ന കപ്പേളയായി ഇന്നത്തെ ദേവാലയം ജന്മംകൊള്ളുകയും ചെയ്തു. എലുവത്തിങ്കൽ കൂനൻ ദേവസ്സി തോമസ്, ചേര്യേക്കര പൊറിഞ്ചു ഔസേപ്പ്, തളിയക്കുഴി തോമൻ ആഗസ്തി എന്നിവരുടെ പേരിൽ തീറാധാരപ്രകാരമുള്ള 10 സെന്റ് സ്ഥലത്ത് ഇരിങ്ങാലക്കുട ഫൊറോന വികാരി പെ. ബഹു. ജോർജ്ജ് അക്കരയച്ചൻ ശിലാസ്ഥാപനം നടത്തി കപ്പേള പണികഴിപ്പിച്ചു. 1975 ഒക്ടോബർ 12-ാം തിയ്യതി ഞായറാഴ്ച അന്നത്തെ വികാരി പെ. ബഹു. ജേക്കബ് ചൊവ്വല്ലൂരച്ചന്റെ കാർമ്മികത്വത്തിൽ വി. യൗസേപ്പിതാവിന്റെ തിരുസ്വരൂപം ഇടവകപ്പള്ളിയിൽ നിന്ന് കൊണ്ടുവന്ന് കപ്പേളയിൽ പ്രതിഷ്ഠിച്ചു. തുടർന്ന് ബുധനാഴ്ചകളിൽ വൈകിട്ട് 5 മണിക്ക് നൊവേനയും ലദീഞ്ഞും നടത്തുകയും ആണ്ടുതോറും ഒക്ടോബർ 12-ാം തിയ്യതി കഴിഞ്ഞു വരുന്ന ഞായറാഴ്ച ഊട്ടുതിരുന്നാൾ ആഘോഷിക്കുകയും ചെയ്തുപോന്നു.

ഈ കാലഘട്ടത്തിൽ ഇവിടുത്തെ ക്രൈസ്തവ വിശ്വാസികൾ കൗദാശികമായ എല്ലാ ആവശ്യങ്ങൾക്കും ഇരിങ്ങാലക്കുട ഫൊറോന പള്ളിയെയാണ് ആശ്രയിച്ചിരുന്നത്. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ സമുദായ കൂട്ടായ്മയിൽ ഉയർന്നുവന്ന ചിന്തയായിരുന്നു ഒരു പള്ളി പണിയുക എന്നത്. പിന്നീട് സെന്റ് തോമസ് കത്തീഡ്രൽ പള്ളി 9 പേരിൽ നിന്നായി ഒരു ഏക്കർ 87 സെന്റ് സ്ഥലം തീറുവാങ്ങിത്തന്നു. മാത്രമല്ല, ദേവാലയനിർമ്മാണം കാര്യക്ഷമമായി നിർവ്വഹിക്കാൻ അനുമതി നല്കുകയും ചെയ്തു.

1981-1982 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന ദേവാലയത്തിന്റെ സ്ഥലപരിമിതി പരിഗണിച്ച് കത്തീഡ്രൽ വികാരി പെ. ബഹു. ജോൺ വാഴപ്പിള്ളി (Sr.) അച്ചന്റെ നേതൃത്വത്തിൽ പള്ളി പുതുക്കി പണിയുവാൻ തീരുമാനിക്കുകയും അതിനുവേണ്ട നടപടി

കൾ സ്വീകരിക്കുകയും ചെയ്തു.

## ദൈവാലയം, ഇടവക

തുറവൻകുന്നിലെ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം പള്ളി പുതുക്കിപണിയുക എന്നത് തികച്ചും ശ്രമകരമായ ഒരു ദൗത്യമായിരുന്നു. ഇതിനിടയിൽ വെരി. റവ. ഫാ. തോമസ് പാറേക്കാടൻ കത്തീഡ്രൽ വികാരിയായി. 4 വർഷത്തോളം നീണ്ടുനിന്ന നിരന്തര പരിശ്രമത്തിന്റെ ഫലമായി ചേതോഹരമായ ഒരു ദേവാലയം നിർമ്മിക്കുവാൻ സാധിച്ചു. പുതിയ ദേവാലയത്തിന്റെ ആശീർവ്വാദകർമ്മം 1986 ആഗസ്റ്റ് 16-ാം തിയ്യതി അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു.

1989 ജനുവരി 1-ന് പള്ളിയുടെ പടിഞ്ഞാറേ ഭാഗം 18½ സെന്റ് സ്ഥലം (പുതിയ മതബോധന ഹാൾ "സ്നേഹതീരം" ഇരിക്കുന്ന സ്ഥലം) മങ്കുടിയാൻ വാറു മകൻ ജോണി പള്ളിക്ക് ദാനമായി നല്കി.

1990 മേയ് 1-ന് പെ. ബഹു. ജോസ് കാവുങ്കലച്ചൻ കത്തീഡ്രൽ വികാരിയായിരിക്കെ സെന്റ് ജോസഫ് ദേവാലയം ഇടവകയാക്കി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് പ്രഖ്യാപിച്ചു. തുടർന്ന് ഫാ. ജെയ്ക്കബ് പുതുശ്ശേരി ഇടവക വികാരിയായി നിയമിതനായി. യഥാസമയം വൈദികമന്ദിരം നിർമ്മിതമായി.

## സ്നേഹതീരം, വൈദിക മന്ദിരം, കാര്യാലയം

റവ. ഡോ. വർഗ്ഗീസ് പാലത്തിങ്കലിന്റെ നേതൃത്വത്തിലാണ് സ്നേഹതീരം പാരിഷ് ഹാൾ നിർമ്മിച്ചത്. 2003 ജനുവരിയിൽ സ്ഥിരതാമസമുള്ള വകാരിയായി റവ. ഫാ. തോമസ് നട്ടേക്കാടൻ ചുമതലയേറ്റു.

പുരോഗമന പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകക്കാരുടെയും മറുനാടൻ മലയാളികളുടെ



വൈദിക മന്ദിരം




'സ്നേഹതീരം' പാരിഷ് ഹാൾ

യും സംഭാവനകൊണ്ട് മതബോധനഹാൾ, ഇടവക കാര്യാലയം, മതിൽ എന്നിവ നിർമ്മിച്ചു.

* 2005 - സ്ഥിരം കല്ലറയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തി.
* മാതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനായി ദേവാലയത്തിന്റെ മുൻവശത്ത് മനോഹരമായ ഗ്രോട്ടോ സ്ഥാപിക്കപ്പെട്ടു.
* ദിവ്യബലിയർപ്പണം കൂടുതൽ സജീവമാക്കുന്നതിന് മദ്ബഹ നവീകരിച്ചു.

ഇടവകാതിർത്തിയിൽ പുല്ലൂർ ഭാഗത്ത് സ്ഥാപിതമായ വി. അന്തോണീസിന്റെ നാമധേയത്തിലുള്ള കപ്പേളയിൽ മാസത്തിലെ രണ്ടാം ചൊവ്വാഴ്ചകളിൽ നൊവേനയും, ആണ്ടുതോറും നവംബർ മാസത്തിൽ തിരുനാളും ആഘോഷിച്ചുവരുന്നു.

## സ്ക്കൂൾ, കോൺവെന്റ്

1999-ൽ പള്ളിയ്ക്ക് സമീപത്ത് ഒരു വ്യക്തി നടത്തിവന്നിരുന്ന എൽ. പി. സ്ക്കൂൾ ചാരിറ്റി സന്യാസിനീസമൂഹം ഏറ്റെടുക്കുകയും അതിന്റെ സുഗമമായ പ്രവർത്തനത്തിന് 2000-ൽ ചാരിറ്റി കോൺവെന്റ് സ്ഥാപിക്കുകയും ചെയ്തു. ഇടവകയിൽ ആത്മീയചൈതന്യം ത്വരിതപ്പെടുത്തുവാൻ ഇത് ഏറെ സഹായകമായി. ബഹു. സിസ്റ്റേഴ്സ് ഒരു നഴ്സറി സ്ക്കൂളും നടത്തുന്നുണ്ട്



ഊക്കൻ മെമ്മോറിയൽ എൽ.പി. സ്ക്കൂൾ (C.S.C)



ചാരിറ്റി നഴ്സറി സ്ക്കൂൾ



സെന്റ് ആന്റണീസ് കപ്പേള



മാതാവിന്റെ ഗ്രോട്ടോ



ചാരിറ്റി കോൺവെന്റ്



മിനിപാരിഷ് ഹാൾ (പഴയ പള്ളി)